**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1597** **11-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുള്ളതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടയം ലഭിക്കുന്നതിനായി 176 അപേക്ഷകൾ ആലപ്പുഴ നിയോജക മണ്ഡലത്തിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>ആര്യാട് തെക്ക് - 84<br><br>കോമളപുരം - 28<br><br>മണ്ണഞ്ചേരി - 37<br><br>പാതിരപ്പള്ളി - 6<br><br>മുല്ലയ്ക്കൽ - 2<br><br>കലവൂർ - 16<br><br>മാരാരിക്കുളം വടക്ക് - 3 |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് പട്ടയം ലഭിച്ചു എന്ന വിവരം ലഭ്യമാക്കാമോ; | (ബി) | 55 അപേക്ഷകർക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (സി) | ഇനിയും പട്ടയം ലഭിക്കാത്തവരുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | പട്ടയം ലഭിക്കാത്ത ബാക്കിയുള്ള അപേക്ഷകളിൽ ഭൂരിഭാഗവും നിലവിലെ ഭൂമി പതിവ് നിയമപ്രകാരം പതിവിന് വിധേയമല്ലാത്ത റോഡ്, തോട്, കടൽക്കര പുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്നവയാണ്. ടി അപേക്ഷകൾ തീരുമാനമെടുക്കുന്നതിനായി പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കുടികിടപ്പ് പട്ടയം, ദേവസ്വം പട്ടയം മുതലായ അപേക്ഷകളിൽ വിചാരണ ഉൾപ്പെടെയുള്ള നടപടികൾ തുടർന്ന് വരുന്നതാണ്. |

സെക്ഷൻ ഓഫീസർ